നമ്പർ. ജി(2)8704/2017. സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 3.3.2017

**സർക്കുലർ നമ്പർ. 15/2017**

വിഷയം - സഹകരണ വകുപ്പ്- ജല സംരക്ഷണ പ്രവർത്തനങ്ങൾ-സഹകരണ സ്ഥാപനങ്ങൾവഴി നടപ്പാക്കുന്നത്-നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന - സഹകരണ സംഘം രജിസ്ട്രാറുടെ 12.6.2014 ലെ 28/2014 നം. സർക്കുലർ

......

കേരളം മുൻവർഷങ്ങളെ അപേക്ഷിച്ച് കടുത്ത ശുദ്ധജലക്ഷാമം നേരിട്ടുവരുകയാണ്. മഴലഭ്യത കുറയുകയും ജലം ഉപയോഗിക്കുന്നതിൽ നിയന്ത്രണമില്ലാതാകുകയും ചെയ്തതുമൂലം സംസ്ഥാനം വൻ വരൾച്ചയിലെത്തി നിൽക്കുകയാണ്. ജല സംരക്ഷണത്തിന്റെ ഭാഗമായി മഴവെള്ളം സംഭരണ പദ്ധതി സഹകരണ സ്ഥാപനങ്ങൾവഴി നടപ്പാക്കുന്നത് സംബന്ധിച്ച് സൂചന(1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. നിലവിലെ സാഹചര്യങ്ങൾ കണക്കിലെടുത്ത് ടി പ്രവർത്തനങ്ങൾ തുടർന്നും നടത്തിക്കൊണ്ടുപോകുന്നതിന് സംഘങ്ങൾക്ക് നിർദ്ദേശം നൽകുന്നതിനോടൊപ്പം രൂക്ഷമായ വരൾച്ച നേരിടുന്നതിനും ജല സംരക്ഷണ പ്രവർത്തനങ്ങൾക്കും ആവശ്യമായ തുക സഹകരണ സ്ഥാപനങ്ങളുടെ പൊതു നന്മ ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനും അനുമതി നൽകുന്നു. സൂചന സർക്കുലറിലെ ആറാം ഖണ്ഡിക നിർദ്ദേശാനുസരണമുള്ള ജില്ലാ/താലൂക്ക് തല സമിതികൾ യോഗം ചേർന്ന് മേൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതും, ചെലവുകൾ സംബന്ധിച്ച തീരുമാനങ്ങളെടുക്കേണ്ടതുമാണ്. ടി പ്രവർത്തനങ്ങളുടെ റിപ്പോർട്ട് യഥാസമയം സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്.

ഒപ്പ്
എസ്.ലളിതാംബിക, ഐ.എ.എസ്.
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ് -

1. സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. രജിസ്ട്രാർ, കേരള ഹൈക്കോടതി, കൊച്ചി(ഉപരിപത്രം സഹിതം)
3. എല്ലാ അപെക്സ് സ്ഥാപനങ്ങൾക്കും
4. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
5. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
6. എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ ജനറൽ മുഖേന)
7. രജിസ്ട്രാറുടെ മേശപ്പുറത്ത്
8. എഡിറ്റർ, സഹകരണ വീഥി
9. വെബ്സൈറ്റ്
10. സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)